"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ വാഹനങ്ങളിൽനിന്നും പാരിതോഷികം വാങ്ങിയത് - എക്സൈസ് കമ്മീഷണർ സ്വീകരിച്ച അച്ചടക്കനടപടിക്കെതിരെ ഉദ്യോഗസ്ഥർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.163/2026/TAXES തീയതി, തിരുവനന്തപുരം, 07-02-2026

പരാമർശം:-
1. എക്സൈസ് കമ്മീഷണറുടെ 11.07.2025-ലെ EXC/6474/2023-XE5 നമ്പർ ഉത്തരവ്
2. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ കെ.ആർ., അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർ ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ
3. എക്സൈസ് കമ്മീഷണറുടെ 23.09.2025-ലെ EXC/6474/2023-XE5 നമ്പർ കത്ത്

ഉത്തരവ്

ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ ജോലി ചെയ്യുന്ന സമയം വാഹനങ്ങളിൽനിന്നും പാരിതോഷികം വാങ്ങിയതുമായി ബന്ധപ്പെട്ട വാർത്തയുടെ അടിസ്ഥാനത്തിൽ എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ എക്സൈസ് കമ്മീഷണർ പരാമർശം (1) പ്രകാരം സ്വീകരിച്ച അച്ചടക്കനടപടിക്കെതിരെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ കെ.ആർ., അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർ ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ എന്നിവർ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷകൾ സമർപ്പിച്ചിരുന്നു.

2) എക്സൈസ് കമ്മീഷണർ സ്വീകരിച്ച അച്ചടക്കനടപടി സംബന്ധിച്ച്

പരാമർശം (3) പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

'ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റിൽ പണപ്പിരിവ് നടത്തി എന്ന വിഷയത്തിൽ അച്ചടക്കനടപടിയുടെ ഭാഗമായി **'censure'** നൽകിയ **11.07.2025**-ലെ **EXC/6474/2023/XE-5** നമ്പർ ഉത്തരവിനെതിരായി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. അനിൽകുമാർ കെ.ആർ., പ്രിവന്റീവ് ഓഫീസർ ശ്രീ.അൻസാർ എന്നിവർ അപ്പീൽ അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി.

ആര്യങ്കാവ് എക്സൈസ് ചെക്പോസ്റ്റിൽ പണപ്പിരിവ് നടക്കുന്നതായ ദൃശ്യം, ന്യൂസ് കേരളം എന്ന ഓൺലൈൻ ചാനൽ സംപ്രേഷണം ചെയ്തതായും ടി ദൃശ്യം **2023** ഡിസംബർ **25**-ന് രാത്രി **11.00** മണിയോടെ ചിത്രീകരിച്ചതാണെന്ന് ടി ചാനൽ റിപ്പോർട്ടിൽ പറയുന്നു എന്നും കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. **25.12.2023**-ന് രാത്രി **10.00** മണി മുതൽ **26.12.2023** രാവിലെ **6.00** മണി വരെ ടി ചെക്പോസ്റ്റിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നത് എക്സൈസ് ഇൻസ്പെക്ടർ ശ്രീ. അനിൽകുമാർ. കെ.ആർ., പ്രിവന്റീവ് ഓഫീസർ ശ്രീ. അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. മുഹമ്മദ് കാഹിൽ ബഷീർ, ബാബു.ബി.എസ്, എന്നിവരാണെന്നും, ദൃശ്യങ്ങളിൽ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബാബു ബി.എസ്. ടി ചെക്പോസ്റ്റിന്റെ മറുഭാഗത്തുനിന്ന് വാഹനം പരിശോധിക്കുന്നതായും ഒരു ലോറി ഡ്രൈവറിന്റെ കൈയ്യിൽനിന്നും എന്തോ കൈപ്പറ്റി ടിയാൻ ധരിച്ചിരുന്ന യൂണിഫോം പാന്റ്സിന്റെ പോക്കറ്റിൽ വയ്ക്കുന്നതായി കാണുന്നുവെന്നും എക്സൈസ് വകുപ്പിന്റെ അന്തസ്സിന് കളങ്കമായിട്ടുള്ള ഇത്തരം പ്രവൃത്തികൾ തടയേണ്ടതിനായി തത്സമയം ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും ടി റിപ്പോർട്ടിൽ ശിപാർശ ചെയ്യുകയുണ്ടായി. ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിലും ടി ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയുണ്ടായി. ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ എക്സൈസ് ഇൻസ്പെകടർ ശ്രീ.അനിൽ കുമാർ. പ്രിവന്റീവ് ഓഫീസർ ശ്രീ.അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ, ശ്രീ.ബാബു ബി.എസ്. എന്നിവരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുകയുണ്ടായി.

തുടർന്ന്, ടി ഉദ്യോഗസ്ഥർക്ക് കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ആയതിന് എക്സൈസ് ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ, പ്രിവന്റീവ് ഓഫീസർ ശ്രീ.അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ മുഹമ്മദ് കാഹിൽ ബഷീർ എന്നിവർ പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി. സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ മിനുട്ട്സിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ, പ്രിവന്റീവ് ഓഫീസർ ശ്രീ.അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീ. മുഹമ്മദ് കാഹിൽ ബഷീർ എന്നിവരെ

യഥാക്രമം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പുനർനിയമിച്ച് ഉത്തരവാകുകയുണ്ടായി. കുറ്റാരോപണ മെമ്മോക്ക് ടിയാൻമാർ സമർപ്പിച്ച പ്രതിവാദപത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി **1960**-ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരമുള്ള ഫോർമൽ എൻക്വയറി നടത്തുന്നതിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (നിയമം)-നെ എൻക്വയറി ഓഫീസറായി നിയമിച്ച് **27.06.2024**-ലെ **EXC/6474/2023/XE-5** നമ്പരായി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം പൂർത്തിയാക്കി ഫോർമൽ എൻക്വയറി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (നിയമം) സമർപ്പിച്ച പ്രസ്തുത ഫോർമൽ എൻക്വയറി റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ ടി ചാനൽ സംപ്രേഷണം ചെയ്ത ദൃശ്യം ചിത്രീകരിച്ച വ്യക്തിയെ കണ്ടെത്തി വിസ്തരിക്കാൻ സാധിക്കാതെ വന്നതും മറ്റു സാക്ഷിമൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലും, ടി ഉദ്യോഗസ്ഥർ സംഭവസമയം ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്നും ടിയാന്മാർക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ തെളിയിക്കാൻ സാധിച്ചിട്ടില്ല എന്നും നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നു. എന്നാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ദൃശ്യവും രേഖകളും തെളിവുകളും വിശദമായി പരിശോധിച്ചതിൽ ഫോർമൽ എൻക്വയറി റിപ്പോർട്ടിലെ കണ്ടെത്തലുകളുമായി യോജിക്കുവാൻ സാധിക്കുകയില്ല എന്ന് ബോധ്യപ്പെടുകയുണ്ടായി. പ്രസ്തുത വീഡിയോ രേഖകൾ, തെളിവുകൾ എന്നിവയിൽ നിന്നും എക്സൈസ് ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ പ്രിവന്റീവ് ഓഫിസർ ശ്രീ. അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർ ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ എന്നിവരോടൊപ്പം പ്രസ്തുത സമയം ഡ്യൂട്ടിയിലുണ്ടായിരുന്ന സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബാബു ബി.എസ്. ചെക്ക്പോസ്റ്റുവഴി കടന്നുപോകുന്ന വാഹനങ്ങളിലെ ഡ്രൈവർമാരിൽനിന്നും പാരിതോഷികം കൈപ്പറ്റുന്നത് വ്യക്തവും സ്പഷ്ടവും **(CD produced)** ആണെന്നും, എക്സൈസ് ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ, പ്രിവന്റീവ് ഓഫീസർ ശ്രീ.അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർ ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ എന്നിവരും ടി പാരിതോഷികത്തിന്റെ ഗുണഭോക്താക്കൾ ആണെന്നും ബോധ്യമാകുകയുണ്ടായി. ഇക്കാര്യത്തിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ. അനിൽകുമാർ, പ്രിവന്റീവ് ഓഫീസർ ശ്രീ.അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർ ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ എന്നിവർ കുറ്റക്കാരാണെന്ന് ബോധ്യമായിട്ടുണ്ടെങ്കിലും, അനുഭാവപൂർണമായ സമീപനം സ്വീകരിച്ച്, **1960**-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം **11 (1)** പ്രകാരം "സെൻഷ്വർ" നൽകി എക്സൈസ് ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ, പ്രിവന്റീവ് ഓഫീസർ ശ്രീ.അൻസാർ എ., സിവിൽ

എക്സൈസ് ഓഫീസർ ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ എന്നിവർക്കെതിരെ സ്വീകരിച്ചുവന്നിരുന്ന അച്ചടക്കനടപടി 11.07.2025-ലെ EXC/6474/2023/XE-5 നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കി ഉത്തരവാകുകയുണ്ടായി.'

3) ടി ഉത്തരവിനെതിരെ ശ്രീ.അനിൽകുമാർ കെ.ആർ., ശ്രീ.അൻസാർ എ., ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷയിലും, നേരിൽകേട്ട വേളയിലും അപ്പീൽ അപേക്ഷകരിൽ ഒരാളായ അനിൽകുമാർ കെ.ആർ. ചുവടെ ചേർക്കും പ്രകാരം അറിയിക്കുകയുണ്ടായി:

'കുറ്റപത്രത്തിലുള്ള ചാർജ്ജുകൾ ചുവടെ ചേർക്കുന്നവയായിരുന്നു:

i. ആര്യാങ്കാവ് എക്സൈസ് ചെക്പോസ്റ്റിൽ പണപ്പിരിവ് നടക്കുന്നതായ ദൃശ്യം ന്യൂസ് കേരളം എന്ന ഓൺലൈൻ ചാനൽ സംപ്രേഷണം ചെയ്തതിൽ ഡിസംബർ 25, 2023-ന് രാത്രി 11.00 മണിയോടെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബാബു എസ്. ചെക്ക് പോസ്റ്റിന്റെ മറുഭാഗത്തുനിന്ന് വാഹനം പരിശോധിക്കുന്നതായും ഒരു ലോറി ഡ്രൈവറിന്റെ കൈയ്യിൽനിന്നും എന്തോ കൈപ്പറ്റി ടിയാൻ ധരിച്ചിരുന്ന പാന്റിന്റെ പോക്കറ്റിൽ വെക്കുന്നതായി കാണാവുന്നതാണെന്നുമുള്ള കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ ചെക്പോസ്റ്റിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള താങ്കൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് ചെക്പോസ്റ്റുവഴി കടന്നുപോകുന്ന യാത്രക്കാരിൽനിന്നും കൈക്കൂലി വാങ്ങുന്നതായി ബോധ്യമാകുന്നു.

ii. താങ്കളുടെ പ്രവൃത്തി തികച്ചും ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തുന്നതിലെ അലംഭാവവും ജാഗ്രതയില്ലായ്മയും നിരുത്തരവാദപരവും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയും ഗുരുതരമായ കൃത്യവിലോപവുമാണ്.

iii. എക്സൈസ് ഇൻസ്പെക്ടർ എന്ന നിലയ്ക്ക് കീഴ് ജീവനക്കാർക്ക് വേണ്ട നിർദേശം നൽകി മേൽനോട്ടം വഹിച്ച് അഴിമതിരഹിതമായി കൃത്യനിർവ്വഹണം നടത്തുന്നതിന് എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ ആയി നിയോഗിച്ചിട്ടുള്ള താങ്കളുടെ ടി പ്രവ്യൃത്തി ക്രമവിരുദ്ധവും, നിയമലംഘനവും, സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനവും, സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനവുമാണ്.

iv. സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട മര്യാദകൾ പാലിച്ച് സത്യസന്ധമായും നിഷ്പക്ഷമായും ജോലി ചെയ്യേണ്ട താങ്കൾ ആയത് ലംഘിക്കുകയും സേനയിലെ അംഗമെന്ന നിലയിൽ സേനയിലെ അച്ചടക്കവും കർമ്മബോധവും ഉൾകൊണ്ട് ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തതുവഴി ടി വിഷയത്തെ സംബന്ധിച്ച് പത്രദൃശ്യമാധ്യമങ്ങളിൽ വാർത്തയാകുകയും ആയത് എക്സൈസ് വകുപ്പിന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കുകയും ചെയ്തു.

മേൽ വിവരിച്ച i-iv ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ

അന്വേഷണവിചാരണ നടപടിക്രമം നടത്തി ബഹു.അന്വേഷണ വിചാരണ അധികാരി സമർപ്പിച്ച അന്വേഷണവിചാരണ റിപ്പോർട്ടിൽ **PART-V** ' നിഗമനം' എന്ന ശീർഷകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

കുറ്റം-**1**: ആര്യങ്കാവ് എക്സൈസ് ചെക്പോസ്റ്റിൽ പണപ്പിരിവ് നടക്കുന്നതായ ദൃശ്യം ന്യൂസ് കേരളം എന്ന ഓൺലൈൻ ചാനൽ സംപ്രേഷണം ചെയ്തതിൽ ഡിസംബർ **25, 2023**-ന് രാത്രി **11** മണിയോടെ കുറ്റാരോപിതൻ ചെക്പോസ്റ്റിന്റെ മറുഭാഗത്തുനിന്നും വാഹനം പരിശോധിക്കുന്നതും ഒരു ലോറി ഡ്രൈവറിന്റെ കൈയ്യിൽനിന്നും എന്തോ കൈപ്പറ്റി ടിയാൻ ധരിച്ചിരുന്ന പാന്റ്സിന്റെ പോക്കറ്റിൽ വയ്ക്കുന്നതായി കാണാവുന്നതാണെന്നുമുള്ള കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടുപ്രകാരം ചെക്പോസ്റ്റിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള കുറ്റാരോപിതൻ ഔദ്യോഗികപദവി ദുരുപയോഗം ചെയ്തുകൊണ്ട് ചെക്പോസ്റ്റുവഴി കടന്നുപോകുന്ന യാത്രക്കാരിൽനിന്നും കൈക്കൂലി വാങ്ങിയിട്ടുണ്ടോ എന്ന് തെളിവുകളുമായി പരിശോധിച്ചതിൽ,

എക്സിബിറ്റ് പി**1** രേഖ, എക്സിബിറ്റ് പി**2** രേഖ, എക്സിബിറ്റ് പി**3** രേഖ, എക്സിബിറ്റ് പി**4** രേഖ, എക്സിബിറ്റ് പി**5** രേഖ, എക്സിബിറ്റ് പി**8** രേഖ, എക്സിബിറ്റ് പി**9**, എക്സിബിറ്റ് പി**10**, എക്സിബിറ്റ് പി**13**, രേഖകൾ പ്രകാരവും, വാദിഭാഗം സാക്ഷികളായ **PW1** ശ്രീ. സനു പി.കെ., **PW 2** ശ്രീ. പ്രദീപ് വി.എ., **PW4** ശ്രീ.മൊയ്തീൻ, **PW5** ശ്രീ.ഷമീർ എം. **PW6** ശ്രീ.കൃഷ്ണകുമാർ എസ്. എന്നിവരുടെ മൊഴികൾ, ക്രോസ് വിസ്താരത്തിനുള്ള സാക്ഷികളുടെ ഉത്തരങ്ങൾ എന്നിവപ്രകാരം ആര്യങ്കാവ് എക്സൈസ് ചെക്പോസ്റ്റിൽ **25-12-2023** തീയതിയിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന കുറ്റോരോപിതൻ ഒരു ലോറി ഡ്രൈവറിൽ നിന്ന് കൈക്കൂലി വാങ്ങിയതായി പറയുന്നുണ്ടെങ്കിലും, എക്സിബിറ്റ് പി**1** റിപ്പോർട്ടിൽ ദൃശം ഞാൻ നേരിട്ട് കണ്ടിട്ടുള്ളതല്ല, ടി സംഭവത്തെ കുറിച്ച് ഞാൻ നേരിട്ട് അന്വേഷണം നടത്തിയിട്ടില്ലാത്തതും കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ **26-12-2023** തീയതിയിലെ **EDOEKM/1436/2323-Q3** നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മേൽ ശിപാർശ ബഹു.എക്സൈസ് കമ്മീഷണർക്കു സമർപ്പിച്ചിട്ടുള്ളത് എന്ന **PW1**-ന്റെ മൊഴിയും, കുറ്റാരോപിതന്റെ ഒന്ന്, രണ്ട്, മൂന്ന് ചോദ്യങ്ങൾക്ക് **PW2** പറഞ്ഞ ഉത്തരങ്ങളും കുറ്റാരോപിതന്റെ ചോദ്യങ്ങൾ രണ്ടിനും, മൂന്നിനും, നാലിനും **PW5** പറഞ്ഞ ഉത്തരങ്ങളും, "ദൃശ്യങ്ങൾ പകർത്തിയ എന്റെ പ്രതിനിധിയുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താൻ പത്രധർമ്മം അനുസരിച്ച് എനിക്കു സാധിക്കില്ല' എന്ന **PW5**-ന്റെ മൊഴിപ്രകാരം ദൃശ്യങ്ങൾ പകർത്തിയ ടി അജ്ഞാതനെ സാക്ഷി ആയി വിസ്തരിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതും കുറ്റാരോപിതന്റെ അന്തിമ വിശദീകരണത്തിൽ പ്രദിപാദിച്ച **CA.NO.4226/2012** കേസ് വിധി കൂട്ടിവായിക്കുമ്പോളും, കുറ്റാരോപിതന്റെ ചേദ്യങ്ങൾ ഒന്നിനും രണ്ടിനുമുള്ള **pw5** പറഞ്ഞ ഉത്തരത്തിൽനിന്നും, ടി സാക്ഷിയുടെ മൊഴിയിൽനിന്നും എക്സിബിറ്റ് പി **5** പ്രകാരം ആര്യങ്കാവ് എക്സൈസ്

ചെക്പോസ്റ്റിലെ ക്യാമറയിൽനിന്നും റെക്കോർഡ് ചെയ്തതായി കാണാൻ സാധിച്ചില്ല എന്നീ തെളിവുകൾ വിശകലനം ചെയ്തതിൽനിന്നും കുറ്റാരോപിതൻ ഒരു ലോറി ഡ്രൈവറിൽനിന്ന് കൈക്കൂലി വാങ്ങി എന്ന കുറ്റം തെളിയിക്കാൻ പ്രാപ്തമല്ല. കുറ്റാരോപിതൻ സംഭവസമയം ചെക്പോസ്റ്റിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്നല്ലാതെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ചെക്പോസ്റ്റുവഴി കടന്നുപോകുന്ന യാത്രക്കാരിൽനിന്ന് കൈക്കൂലി വാങ്ങുന്നതായി **KCS (CC&A) RULES 1960** പ്രകാരം കുറ്റക്കാരനെന്ന് തെളിയിക്കാനുള്ള തെളിവ് ലഭ്യമായിട്ടില്ലാത്തതുമാണ്.

മേൽ വിവരിച്ച എക്സിബിറ്റുകൾ, വാദിഭാഗം സാക്ഷികളുടെ മൊഴികൾ, ക്രോസ് വിസ്താരത്തിനുള്ള ഉത്തരങ്ങൾ കുറ്റാരോപിതൻ സമർപ്പിച്ച അന്തിമവിശദീകരണം എന്നിവ പരിശോധിച്ചതിൽനിന്ന് കുറ്റോരോപിതന്റെ പേരിലുള്ള ആരോപണഭാഗം തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

കുറ്റം-2: ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസറായി നിയോഗിച്ചിട്ടുള്ള കുറ്റോരോപിതന്റെ ടി പ്രവൃത്തി ക്രമവിരുദ്ധവും, നിയമലംഘനവും, സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനവുമാണോ എന്ന് തെളിവുകളുമായി പരിശോധിച്ചതിൽ,

നിഗമനത്തിൽ ഒന്ന് എന്ന കുറ്റം കുറ്റാരോപിതൻ ചെയ്തിട്ടുണ്ട് എന്ന് തെളിഞ്ഞിട്ടില്ലാത്തതിനാൽ കുറ്റാരോപിതനെതിരെയുള്ള ഈ കുറ്റം തെളിഞ്ഞിട്ടാല്ലാത്തതാണ്.

കുറ്റം 3: സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട മര്യാദകൾ പാലിച്ച് സത്യസന്ധമായും നിഷ്പക്ഷമായും ജോലിചെയ്യേണ്ട കുറ്റാരോപിതൻ ആയത് ലംഘിക്കുകയും സേനയിലെ അംഗമെന്ന നിലയിൽ സേനയിലെ അച്ചടക്കവും ബോധവും ഉൾകൊണ്ട് കൃത്യനിർവ്വഹണം നടത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തതുവഴി ടി വിഷയത്തെ സംബന്ധിച്ച് പത്രദൃശ്യ മാധ്യമങ്ങളിൽ വാർത്തയാവുകയും ആയത് എക്സൈസ് വകുപ്പിന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കിയിട്ടുണ്ടോ എന്ന് തെളിവുകളുമായി പരിശോധിച്ചതിൽ,

നിഗമനത്തിൽ മറ്റ് കുറ്റങ്ങൾ കുറ്റോരോപിതൻ ചെയ്തിട്ടുണ്ട് എന്ന് തെളിഞ്ഞിട്ടില്ലാത്തതിനാൽ കുറ്റോരോപിതനെതരിയെുള്ള ഈ കുറ്റം തെളിഞ്ഞിട്ടില്ലാത്താണ്.

സംക്ഷിപ്തം: മേൽ വിവരിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതനെതിരേ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ ഒന്നുംതന്നെ ഈ വാച്യാന്വേഷണത്തിൽ വിസ്തരിക്കപ്പെട്ട വാദിഭാഗം സാക്ഷിമൊഴികളിൽനിന്നോ തെളിയിക്കാൻ കഴിഞ്ഞില്ല എന്ന നിഗമനത്തിൽ ഞാൻ എത്തിച്ചേരുന്നു.

മേൽ വിവരിച്ച അന്വേഷണവിചാരണ റിപ്പോർട്ടിലെ കണ്ടെത്തലുകളെ കുറിച്ച് ബഹു. എക്സൈസ് കമ്മീഷണർ അവർകൾ ഇപ്രകാരം **No.EXC/6474/2023/XE-5/Dt.11/07/2025** ഉത്തരവിന്റെ പേജ് നമ്പർ രണ്ട് ഖണ്ഡിക രണ്ടിൽ "ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (നിയമം) സമർപ്പിച്ച

പ്രസ്തുത ഫോർമൽ എൻക്വയറി റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ ടി ചാനൽ സംപ്രേഷണം ചെയ്ത ദൃശ്യം ചിത്രീകരിച്ച വ്യക്തിയെ കണ്ടെത്തി വിസ്തരിക്കാൻ സാധിക്കാതെ വന്നതും മറ്റു സാക്ഷി മൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലും, ടി ഉദ്യോഗസ്ഥർ സംഭവസമയം ചെക്പോസ്റ്റിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്നും ടിയാന്മാർക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ തെളിയിക്കാൻ സാധിച്ചിട്ടില്ല എന്നും നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നു. എന്നാൽ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ദൃശ്യവും രേഖകളും തെളിവുകളും വിശദമായി പരിശോധിച്ചതിൽ ഫോർമൽ എൻക്വയറി റിപ്പോർട്ടിലെ കണ്ടെത്തലുകളുമായി യോജിക്കുവാൻ സാധിക്കുകയില്ല എന്ന് ബോധ്യപ്പെടുകയുണ്ടായി. പ്രസ്തുതസമയം ഡ്യൂട്ടിയിലുണ്ടായിരുന്ന എക്സൈസ് ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ, പ്രിവന്റീവ് ഓഫീസർ ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ എന്നിവരും ടി പാരിതോഷികത്തിന്റെ ഗുണഭോക്താക്കൾ ആണെന്നും ബോധ്യമായിരിക്കുന്നു.

താഴെ അക്കമിട്ട് പറയുന്ന നിയമങ്ങൾ പാലിക്കാതെയാണ് എനിക്ക് 'censure' ശിക്ഷ നൽകി ഉത്തരവായിട്ടുള്ളത്.

i) ബഹു. സുപ്രീം കോടതിയിലെ **HON'BLE JUSTICE R.M. LODHA, KURIYAN JOSEPH & ROHINTON F NARIMAN** ഉൾപ്പെട്ട ബെഞ്ച് **18/09/2014** തീയതി **CA No.4226/2012** കേസിൽ പറഞ്ഞ വിധിന്യായം **2014 KHC 4602**-ൽ **65 B Certificate** ഇല്ലാത്ത ഇലക്ട്രോണിക്സ് രേഖകൾ ഒന്നും തെളിവായി സ്വീകരിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ii)ബഹു.എക്സൈസ് കമ്മീഷണർ അവർകളുടെ സർക്കുലർ **exc/212/2018/xit-1 Dt.31/01/2023** ഉത്തരവിൽ മേൽപ്പറഞ്ഞ **65B** സർട്ടിഫിക്കറ്റ് ഇല്ലാത്ത ഇലക്ട്രോണിക് രേഖകൾ ഒന്നും തെളിവായി സ്വീകരിക്കരുതെന്ന് സംസ്ഥാനത്തെ എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. എൻക്വയറി ഓഫീസറുടെ എനിക്കെതിരായ കുറ്റം തെളിഞ്ഞിട്ടില്ല എന്ന നിഗമനത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് എനിക്ക് **'CENSURE'** നൽകിയ ശിക്ഷണാധികാരി ബഹു. എക്സൈസ് കമ്മീഷണർ അവർകൾ അദ്ദേഹത്തിന്റെ മുൻഗാമിയുടെ മുകളിൽ പറഞ്ഞിരിക്കുന്ന സർക്കുലർ നിരോധിക്കുയോ റദ്ദ് ചെയ്യുകയോ നാളിതുവരെ ചെയ്തിട്ടില്ല.

iii) GO(P)12/85/VIG dt.31-10-1985 ബഹു. ഗവ..ഉത്തരവ്: THE FINDING OF THE INQUIRING AUTHORITY SHOULD BE BASED ON EVIDENCE ADDUCED DURING THE ORAL INQUIRY. THE ASSESSMENT OR ORAL AND DOCUMENTARY EVIDENCE IS TO BE MADE CAREFULLY. THE INQUIRING AUTHORITY SHOULD TAKE PARTICULAR CARE WHILE GIVING ITS FINDINGS ON THE CHARGES TO SEE THAT NO PART OF THE EVIDENCE WHICH THE ACCUSED GOVERNMENT SERVANT WAS NOT GIVEN INTO CONSIDERATION. FINDINGS SHOULD BE DRAWN IN

RESPECT OF EACH CHARGES.

iv) **PW (4)** മൊയ്തീൻ **"News Keralam"** എന്ന ഓൺലൈൻ ചാനൽ സ്വന്തമായി നടത്തുന്ന വ്യക്തിയാണ്. ടിയാന്റെ മൊഴിപ്രകാരം അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഒരാൾ മൊബൈൽ ഫോണിൽ പകർത്തിയ ദൃശ്യങ്ങളാണ് ഓൺലൈൻ ചാനൽ സംപ്രേഷണം ചെയ്തത് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ആയതു പകർത്തിയത് സാക്ഷി മൊയ്തീൻ അല്ല എന്ന് ടിയാൻതന്നെ സമ്മതിക്കുന്നു. അപ്രകാരം പകർത്തിയ ആളുടെ പേരുവിവരം പറയാൻ അദ്ദേഹം സന്നദ്ധനല്ല എന്ന് ബഹു.എൻക്വയറി ഓഫീസർ മുൻപാകെ അദ്ദേഹംതന്നെ സമ്മതിക്കുന്നു. ആയതിൽനിന്ന് എനിക്ക് മേൽപ്പടി ദൃശ്യം ജനുവിൻ ആയിട്ട് പകർത്തിയതാണോ, നടന്നതാണോ എന്നു തെളിയിക്കാൻ അവസരം മൊയ്തീൻ എന്ന സാക്ഷി നിഷേധിക്കുകയാണ് ഉണ്ടായിട്ടുള്ളത്. കൂടാതെ, അദ്ദേഹം **65B** സർട്ടിഫിക്കറ്റ് മേൽപ്പടി ദൃശ്യത്തിന് പേരിൽ നൽകിയിട്ടുമില്ല.

v) ഗൂഗിൾ സേർച്ച് ചെയ്ത് നോക്കിയാൽ **PHOTOSHOP ABORT FRAME MORPH AGE, MORPH PHOTO MORPHER, MORPHY, MORPH MAN, PHOT MORPH, WIN MORPHER, FACE MORPHER** എന്നിങ്ങനെ പ്രധാനമായി എട്ടോളം ടൂളുകൾ ലഭ്യമാണ്. ആയതിൽനിന്ന് ഏതെങ്കിലും ഒരു ടൂൾ എടുത്ത് എപ്രകാരം വേണമെങ്കിലും അതുചെയ്യുന്ന ആളിന്റെ മനോഗതിക്കനുസരിച്ച് ഏതുതരത്തിലും, ഏതുവിധേനയും ക്ലിപ്പ് രൂപപ്പെടുത്തിയെടുക്കാൻ ഒരു ഫോട്ടോഷോപ്പിൽ പരിജ്ഞാനമുള്ള വിദഗ്ധനു കഴിയും. ഇപ്രകാരം ഒരു വിദഗ്ധൻ ഫോട്ടോഷോപ്പിൽ കയറി നിർമ്മാണം നടത്തിയതാണ് ന്യൂസ് കേരളം ഓൺലൈൻ ചാനലിൽ പ്രദർശിപ്പിച്ച ദൃശ്യം എന്നു സ്ഥാപിക്കുന്നതിന് മേൽപ്പടി ദൃശ്യം പകർത്തിയ മൊയ്തീനുമാത്രം അറിയാമെന്നു പറയുന്ന പേരും വിലാസവും ഫോൺ നമ്പർ പറയില്ല എന്ന് ബഹു.എൻക്വയറി ഓഫീസറുടെ മുൻപാകെ വ്യക്തമാക്കിയ മേൽപ്പടി രേഖയുടെ പേരിലാണ് എന്നെ ബഹു.എൻക്വയറി ഓഫീസറുടെ റിപ്പോർട്ട് മറികടന്ന് ബഹു.ശിക്ഷണ അധികാരി എനിക്ക് ശിക്ഷ വിധിച്ചിരിക്കുന്നത്."

4) സമാനമായ വിവരങ്ങൾ തന്നെയാണ് മറ്റ് അപ്പീൽ അപേക്ഷകരും ബോധിപ്പിച്ചിരിക്കുന്നത്:

5) ഈ വിഷയത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (നിയമം) നടത്തിയ ഫോർമൽ എൻക്വയറി റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

'ഈ വാച്യാന്വേഷണവുമായി ബന്ധപ്പെട്ട രേഖകളും വാച്യാന്വേഷണവേളയിൽ ഉണ്ടായിട്ടുള്ള മൊഴികളും സാക്ഷിവിസ്താരത്തിൽ പറഞ്ഞ ഉത്തരങ്ങളും കുറ്റാരോപിതൻ **18.01.2025** തീയതി സമർപ്പിച്ച അന്തിമവിശദീകരണവും സസൂഷ്മം പരിശോധിച്ചിട്ടുള്ളതാണ്.

കുറ്റം 1- ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റിൽ പണപ്പിരിവ് നടക്കുന്നതായ ദൃശ്യം ന്യൂസ് കേരളം എന്ന ഓൺലൈൻ ചാനൽ സംപ്രേക്ഷണം ചെയ്തതിൽ ഡിസംബർ 25, 2023-ന് രാത്രി 11 മണിയോടെ കുറ്റാരോപിതൻ ചെക്പോസ്റ്റിൻ്റെ മറുഭാഗത്തുനിന്നും വാഹനം പരിശോധിക്കുന്നതായും ഒരു ലോറി ഡ്രൈവറിൻ്റെ കൈയ്യിൽനിന്നും എന്തോ കൈപ്പറ്റി ടിയാൻ ധരിച്ചിരുന്ന പാൻ്റ്സിൻ്റെ പോക്കറ്റിൽ വയ്ക്കുന്നതായി കാണാവുന്നതാണെന്നുമുള്ള കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടുപ്രകാരം ചെക്പോസ്റ്റിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള കുറ്റാരോപിതൻ ഔദ്യോഗികപദവി ദുരുപയോഗം ചെയ്തുകൊണ്ട് ചെക്പോസ്റ്റുവഴി കടന്നുപോകുന്ന യാത്രക്കാരിൽനിന്നും കൈക്കൂലി വാങ്ങിയിട്ടുണ്ടോ എന്ന് തെളിവുകളുമായി പരിശോധിച്ചതിൽ,

എക്സിബിറ്റ് പി1 രേഖ, എക്സിബിറ്റ് പി2 രേഖ, എക്സിബിറ്റ് പി3 രേഖ, എക്സിബിറ്റ് പി4 രേഖ, എക്സിബിറ്റ് പി5 രേഖ, എക്സിബിറ്റ് പി8 രേഖ, എക്സിബിറ്റ് പി9 രേഖ, എക്സിബിറ്റ് പി10, എക്സിബിറ്റ് പി13 രേഖകൾ പ്രകാരവും, വാദിഭാഗം സാക്ഷികളായ PW1 ശ്രീ. സനു പി.കെ., PW2 ശ്രീ. പ്രദീപ് വി.എ., PW4 ശ്രീ. മൊയ്ദീൻ, PW5 ശ്രീ. ഷമീർ എം., PW6 ശ്രീ. കൃഷ്ണകുമാർ എസ്. എന്നിവരുടെ മൊഴികൾ, ക്രോസ്സ് വിസ്താരത്തിനുള്ള സാക്ഷികളുടെ ഉത്തരങ്ങൾ എന്നിവ പ്രകാരം ആര്യൻങ്കാവ് എക്സൈസ് ചെക്പോസ്റ്റിൽ 25.12.2023 തീയ്യതിയിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന കുറ്റാരോപിതൻ, ഒരു ലോറി ഡ്രൈവറിൽനിന്ന് കൈക്കൂലി വാങ്ങിയതായി പറയുന്നുണ്ടെങ്കിലും, "എക്സിബിറ്റ് P1 റിപ്പോർട്ടിൽ പറഞ്ഞ ദൃശ്യം നേരിട്ട് കണ്ടിട്ടുള്ളതല്ല, ടി സംഭവത്തെകുറിച്ച് ഞാൻ നേരിട്ട് അന്വേഷണം നടത്തിയിട്ടില്ലാത്തതും കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 26.12.2023 തീയ്യതിയിലെ EDOEKM/1436/2023-Q3 നമ്പർ റിപ്പോട്ടിന്റെ അടിസ്ഥാനത്തിലാണ് മേൽ ശിപാർശ ബഹു:എക്സൈസ് കമ്മീഷണർക്ക് സമർപ്പിച്ചുള്ളതുമാണ്" എന്ന PW1-ൻ്റെ മൊഴിയും, കുറ്റാരോപിതന്റെ ചോദ്യങ്ങൾ ഒന്നിനും രണ്ടിനുമുള്ള PWI പറഞ്ഞ ഉത്തരങ്ങളും, കുറ്റാരോപിതന്റെ ഒന്ന്, രണ്ട്, മൂന്ന്, ചോദ്യങ്ങൾക്ക് PW2 പറഞ്ഞ ഉത്തരങ്ങളും, കുറ്റാരോപിതന്റെ ചോദ്യങ്ങൾ ആറ്, ഏഴ്, എട്ട് എന്നിവയ്ക്ക് PW4 പറഞ്ഞ ഉത്തരങ്ങളും, കുറ്റാരോപിതന്റെ ചോദ്യങ്ങൾ രണ്ടിനും, മൂന്നിനും, നാലിനും PW5 പറഞ്ഞ ഉത്തരങ്ങളും, "ദൃശ്യങ്ങൾ പകർത്തിയ എന്റെ പ്രതിനിധിയുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താൻ പത്രധർമ്മം അനുസരിച്ച് എനിക്ക് സാധിക്കില്ല" എന്ന PW5-ന്റെ മൊഴിപ്രകാരം ദൃശ്യങ്ങൾ പകർത്തിയ ടി അജ്ഞാതനെ സാക്ഷി ആയി വിസ്തരിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതും കുറ്റാരോപിതന്റെ അന്തിമ വിശദീകരണത്തിൽ പ്രതിപാദിച്ച CA No. 4226/ 2012 കേസ് വിധി കൂട്ടിവായിക്കുമ്പോളും, കുറ്റാരോപിതന്റെ ചോദ്യങ്ങൾ ഒന്നിനും രണ്ടിനുമുള്ള PW5 പറഞ്ഞ ഉത്തരത്തിൽനിന്നും, ടി സാക്ഷിയുടെ മൊഴിയിൽനിന്നും എക്സിബിറ്റ് പി5 പ്രകാരം ആര്യങ്കാവ് എക്സൈസ്

ചെക്പോസ്റ്റിലെ ക്യാമറയിൽ ഒന്നും റെക്കോർഡ് ചെയ്തതായി കാണാൻ സാധിച്ചില്ല എന്നീ തെളിവുകൾ വിശകലനം ചെയ്തതിൽനിന്ന് കുറ്റാരോപിതൻ ഒരു ലോറി ഡ്രൈവറിൽനിന്ന് കൈക്കൂലി വാങ്ങി എന്ന കുറ്റം തെളിയിക്കാൻ പ്രാപ്തമല്ല. കുറ്റാരോപിതൻ സംഭവസമയം ചെക്പോസ്റ്റിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്നല്ലാതെ ഔദ്യോഗികപദവി ദുരുപയോഗം ചെയ്ത് ചെക്പോസ്റ്റുവഴി കടന്നുപോകുന്ന യാത്രക്കാരിൽനിന്ന് കൈക്കൂലി വാങ്ങുന്നതായി **KCS (CC&A) Rules 1960** പ്രകാരം കുറ്റക്കാരനെന്ന് തെളിയിക്കാനുള്ള തെളിവ് ലഭ്യമായിട്ടില്ലാത്തതുമാണ്.

മേൽ വിവരിച്ച എക്സിബിറ്റുകൾ വാദിഭാഗം സാക്ഷികളുടെ മൊഴികൾ, ക്രോസ് വിസ്താരത്തിനുള്ള ഉത്തരങ്ങൾ കുറ്റാരോപിതൻ സമർപ്പിച്ച അന്തിമവിശദീകരണം എന്നിവ പരിശോധിച്ചതിൽനിന്ന് കുറ്റാരോപിതൻ്റെ പേരിലുള്ള ആരോപണഭാഗം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

കുറ്റം 2- ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസറായി നിയോഗിച്ചിട്ടുള്ള കുറ്റാരോപിതൻ്റെ ടി പ്രവൃത്തി ക്രമവിരുദ്ധവും, നിയമലംഘനവും, സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനവുമാണോ എന്ന് തെളിവുകളുമായി പരിശോധിച്ചതിൽ,

നിഗമനത്തിൽ ഒന്ന് എന്ന കുറ്റം കുറ്റാരോപിതൻ ചെയ്തിട്ടുണ്ട് എന്ന കുറ്റം തെളിഞ്ഞിട്ടില്ലാത്തതിനാൽ കുറ്റാരോപിതനെതിരെയുള്ള ഈ കുറ്റം തെളിഞ്ഞിട്ടില്ലാത്തതാണ്.

കുറ്റം 3- സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ട മര്യാദകൾ പാലിച്ച് സത്യസന്ധമായും നിഷ്പക്ഷമായും ജോലി ചെയ്യേണ്ട കുറ്റാരോപിതൻ ആയത് ലംഘിക്കുകയും സേനയിലെ അംഗമെന്ന നിലയിൽ സേനയിലെ അച്ചടക്കവും കർമ്മബോധവും ഉൾക്കൊണ്ട് ഔദ്യോഗിക കൃത്യനിർവഹണം നടത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തതു വഴി ടി വിഷയത്തെ സംബന്ധിച്ച് പത്രദൃശ്യമാധ്യമങ്ങളിൽ വാർത്തയാവുകയും ആയത് എക്സൈസ് വകുപ്പിൻ്റെ സൽപ്പേരിന് കളങ്കമുണ്ടാക്കിയിട്ടുണ്ടോ എന്ന് തെളിവുകളുമായി പരിശോധിച്ചതിൽ,

നിഗമനത്തിൽ മറ്റു കുറ്റങ്ങൾ കുറ്റാരോപിതൻ ചെയ്തിട്ടുണ്ട് എന്ന് തെളിഞ്ഞിട്ടില്ലാത്തതിനാൽ കുറ്റാരോപിതനെതിരെയുള്ള ഈ കുറ്റം തെളിഞ്ഞിട്ടില്ലാത്തതാണ്.

മേൽ വിവരിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതനെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ ഒന്നുംതന്നെ ഈ വാച്യാന്വേഷണത്തിൽ വിസ്തരിക്കപ്പെട്ട വാദിഭാഗം സാക്ഷി മൊഴികളിൽനിന്നോ, ക്രോസ് വിസ്താരവേളയിലെ ചോദ്യത്തിന് സാക്ഷികൾ പറഞ്ഞ ഉത്തരത്തിൽനിന്നോ, എക്സിബിറ്റുകൾ പരിശോധിച്ചതിൽനിന്നോ, തെളിയിക്കാൻ കഴിഞ്ഞിട്ടില്ല

എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു."

6) ഈ വിഷയം എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട്, ഫോർമൽ എൻക്വയറി റിപ്പോർട്ട്, അപ്പീൽ പെറ്റീഷൻ, ഹിയറിംഗ് സമയത്ത് വെളിപ്പെട്ട വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കും പ്രകാരമുള്ള കാര്യങ്ങൾ ബോധ്യപ്പെടുകയുണ്ടായി:

i) ഒരു പ്രാദേശിക ചാനലിൽ, മൊബൈൽ ക്യാമറ ഉപയോഗിച്ചു ചിത്രീകരിച്ച രംഗങ്ങളാണ് ഈ വിഷയത്തിന് ആധാരമായിരിക്കുന്നത്. ദൃശ്യങ്ങൾ പകർത്തിയ പ്രതിനിധിയുടെ പേരുവിവരങ്ങൾ ലഭ്യമല്ലായെന്ന് ടി ചാനൽ ഉടമ അറിയിച്ചിട്ടുണ്ട്. ഇത് ആര്യങ്കാവ് ചെക്പോസ്റ്റ് പരിസരത്തുനിന്നാണ് ഷൂട്ട് ചെയ്തിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന് വ്യക്തമായ തെളിവ് ലഭിച്ചതായി കാണുന്നില്ല. മാത്രമല്ല, ഈ വിഷയവുമായി ബന്ധപ്പെട്ട, കൈകൂലി നൽകിയതായി പറയുന്ന ലോറി ഡ്രൈവറിൽനിന്നോ, മറ്റു ലോറി ജീവനക്കാരിൽനിന്നോ യാതൊരു മൊഴിയും രേഖപ്പെടുത്തിയതായി കാണുന്നില്ല.

ii) മൊബൈൽ ക്യാമറവഴി റിക്കോർഡ് ചെയ്തിട്ടുള്ള പ്രസ്തുത രംഗങ്ങൾ ഒന്നുംതന്നെ ആര്യങ്കാവ് ചെക്പോസ്റ്റിലെ ക്യാമറയിൽ റെക്കോർഡ് ചെയ്യപ്പെട്ടതായി കാണുന്നില്ല.

iii) ടി ദൃശ്യങ്ങൾ യഥാർത്ഥമാണെന്ന് കരുതിയാൽതന്നെ, ടി ദൃശ്യത്തിൽ വരുന്നത് സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബാബു ബി.എസ്. ചെക്പോസ്റ്റിന്റെ ഭാഗത്തുനിന്നും വാഹനങ്ങൾ പരിശോധിക്കുന്നതായും, ഒരു ലോറി ഡ്രൈവറുടെ കൈയ്യിൽനിന്നും എന്തോ കൈപ്പറ്റി ടിയാൻ ധരിച്ചിരുന്ന യൂണിഫോം പാൻസിന്റെ പോക്കറ്റിൽ വയ്ക്കുന്നതുമാണ്. ടി ദൃശ്യങ്ങളിൽ ഒരു സ്ഥലത്തും അപ്പീൽ അപേക്ഷകരായ സ/ശ്രീ.അനിൽകുമാർ, അൻസാർ, മുഹമ്മദ് കാഹിൽ എന്നിവരുടെ ദൃശ്യങ്ങൾ കാണുന്നില്ല. അപ്രകാരം, അനുമാനത്തിന്റെ അടിസ്ഥാനത്തിൽമാത്രം ടിയാൻമാർക്കെതിരേ അച്ചടക്കനടപടി സ്വീകരിച്ച് 'സെൻഷ്വർ' ശിക്ഷ നൽകിയത് ഉചിതമായി കാണുന്നില്ല.

iv) അപ്പീൽ അപേക്ഷ പരിഗണിക്കുന്ന സമയത്ത്, ശ്രീ.ബാബുവിനെതിരായ അച്ചടക്കനടപടിയിൽ തീരുമാനമായിരുന്നില്ല.

v) ദൃശ്യങ്ങളിൽ ലഭ്യമല്ലാതിരുന്നിട്ടും, ആ സമയം ഡ്യൂട്ടിയിലുണ്ടായിരുന്ന ശ്രീ. അനിൽകുമാർ, ശ്രീ.അൻസാർ, ശ്രീ.മുഹമ്മദ് കാഹിൽ എന്നിവർ എപ്രകാരം ഗുണഭോക്താക്കൾ ആയി തീർന്നുവെന്ന് 11/07/2025-ലെ എക്സൈസ് കമ്മീഷണറുടെ ഉത്തരവിൽനിന്നും വ്യക്തമാകുന്നില്ല. ആയതിനുള്ള കാര്യകാരണങ്ങൾ വിശദീകരിച്ചിട്ടുമില്ല.

7) ഫോർമൽ എൻക്വയറി റിപ്പോർട്ടിന്റെ ശിപാർശയിൽനിന്നും വിഭിന്നമായി, കാര്യകാരണങ്ങൾ വ്യക്തമാക്കാതെ വെറും അനുമാനത്തിന്റെ

മാത്രം അടിസ്ഥാനത്തിൽ ശ്രീ.അനിൽകുമാർ, ശ്രീ.അൻസാർ, ശ്രീ.മുഹമ്മദ് കാഹിൽ എന്നിവർക്കെതിരെ 'സെൻഷ്വർ' നൽകിയ നടപടി ഉചിതമായി കാണുന്നില്ല.

8) മേൽ സാഹചര്യത്തിൽ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ കെ., അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ.അൻസാർ എ., സിവിൽ എക്സൈസ് ഓഫീസർ ശ്രീ.മുഹമ്മദ് കാഹിൽ ബഷീർ എന്നിവർക്കെതിരെ പരാമർശം (1) പ്രകാരം 'സെൻഷ്വർ' നൽകി അച്ചടക്കനടപടി തീർപ്പാക്കിയ നടപടി പുനഃപരിശോധിച്ച് ടിയാൻമാർക്കെതിരെ ആരംഭിച്ചിരുന്ന അച്ചടക്കനടപടി മേൽനടപടി കൂടാതെ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/134/2025-നികുതി)

ഉത്തരവിൻ പ്രകാരം
Signed by
Vivil Kumar
Date: 07-02-2026 16:58:00
സെക്ഷൻ ഓഫീസർ